പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1850 — 01.02.2018-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന അതോറിറ്റിയിലെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്ക് അപേക്ഷ സമർപ്പിച്ചവർ മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ടെക്നിക്കൽ ജീവനക്കാർ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) 01.04.2017 ലെ സ.ഉ(കൈ) നം. 3/2017/പരി പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 9 തസ്തികകൾ ( 4 എണ്ണം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, 5 എണ്ണം കരാർ അടിസ്ഥാനത്തിലും) സൃഷ്ടിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമിതരായ 4 പ്രോജക്ട് ഫെല്ലോസിന്റെയും, പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സഹായത്തോടെ കെട്ടിക്കിടക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ